എ.സി എച്ച് /B.Ed/16/09/25

**നിർദ്ദേശങ്ങൾ**

# കേരള സർവകലാശാല

## ഒന്നാം വർഷ ബി.എഡ് പ്രവേശനം - 2025

### *ഗവ :/ എയ്ഡഡ്/ സ്വാശ്രയ/ കെ. യു.സി.ടി.ഇ കോളേജുകളിൽ കോളേജ്ലെവൽ സ്പോട്ട് അലോട്ട്മെന്റ് സെപ്റ്റംബർ 20 ന്*

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ :/ എയ്ഡഡ് / സ്വാശ്രയ/കെ.യു.സി.ടി.ഇ കോളേജുകളിലെ ഒന്നാം വർഷ ബി.എഡ് കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് 20.09.2025 ന് കോളേജ് തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. നിലവിൽ കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ബി.എഡ് കോഴ്സുകളിൽ അഡ്മിഷൻ ഉള്ള വിദ്യാർത്ഥികളെ (മാനേജ്മെന്റ് അഡ്മിഷൻ ഉൾപ്പടെ) പ്രസ്തുത സ്പോട് അഡ്മിഷനിൽ പരിഗണിക്കുന്നതല്ല

- നിലവിൽ കേരള സർവകലാശാലയിൽ ബി.എഡ് കോഴ്സിലേക്ക് അപേക്ഷ നൽകിയിട്ടില്ലാത്തവർക്ക് അപേക്ഷ നൽകുന്നതിന് 18.09.2025 വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.
- EWS വിഭാഗത്തിൽ ഉള്ള ഒഴിവുകളിൽ പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥികളെ മാത്രമാണ് പരിഗണിക്കുന്നത്. EWS വിഭാഗത്തിൽ ഒഴിവുള്ള വിഷയങ്ങളിൽ അപേക്ഷാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത സീറ്റ് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന EWS വിഭാഗത്തിലെ വിദ്യാർത്ഥികളിൽ വിഷയ

പരിഗണന ഇല്ലാതെ ഉയർന്ന ഇൻഡക്സ് മാർക്കുള്ള വിദ്യാർത്ഥിക്ക് നൽകുന്നതാണ്.

- **കെ.യു.സി.ടി.ഇ മാനേജ്മെന്റ് ക്വാട്ട, ഡിഫൻസ് ക്വാട്ട, സ്പോർട്സ് ക്വാട്ട , ഡിപ്പാർട്ട്മെൻറ് ക്വാട്ട** വിഭാഗത്തിൽ ഒഴിവുള്ള വിഷയങ്ങളിൽ പ്രസ്തുത വിഭാഗങ്ങളിലെ അപേക്ഷാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത സീറ്റ് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളിൽ വിഷയ പരിഗണന ഇല്ലാതെ ഉയർന്ന ഇൻഡക്സ് മാർക്കുള്ള വിദ്യാർത്ഥിക്ക് നൽകുന്നതാണ്.
- സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം എല്ലാ അസൽ സർട്ടിഫിക്കറ്റുകളും ( including TC and Consolidated marklist) ഉണ്ടായിരിക്കണം. ഇതര സർവകലാശാല വിദ്യാർഥികൾ നിർബന്ധമായും എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
- നിലവിൽ കേരള സർവകലാശാലയിൽ ബി.എഡ് കോഴ്സിലേക്ക് അപേക്ഷ നൽകിയിട്ടുള്ളവരെ പരിഗണിച്ചതിനു ശേഷമുള്ള ഒഴിവുകളിലേക്ക് ഇതുവരെ അപേക്ഷ നൽകാത്തവരെയും സ്പോട്ട് അലോട്ട്മെന്റിൽ പരിഗണിക്കുന്നതാണ്.
- വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റ് ഔട്ടും എല്ലാ അസൽ സർട്ടിഫിക്കറ്റുളുമായി അതാത് കോളേജുകളിൽ രാവിലെ 11 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി സമയം കഴിഞ്ഞു വരുന്നവരെയും അഡ്മിഷന് ആവശ്യമായ രേഖകൾ ഇല്ലാത്ത വിദ്യാർത്ഥികളെയും ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഒന്നിൽ കൂടുതൽ കോളേജുകളുടെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിലേക്കായി വിദ്യാർത്ഥി സാക്ഷ്യ പത്രം നൽകി രക്ഷകർത്താവ് /പ്രതിനിധിയുടെ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്.